# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 577 — 8.7.2014-ൽ മറുപടിയ്ക്ക്

## ദേശീയവനനയപ്രകാരം വൃക്ഷവിന്യാസം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്<br>,, എം. വി. ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) 1988 – ലെ 'ദേശീയ വനം നയം' അനുശാസിക്കുന്നപ്രകാരം വൃക്ഷ വിന്യാസം വർദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം കർമ്മ പരിപാടികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശങ്ങൾ നൽകാമോ; | എ) 1988-ലെ 'ദേശീയ വനം നയം' അനുശാസിക്കുന്ന പ്രകാരം വൃക്ഷവിന്യാസം വർദ്ധിപ്പിക്കുന്നതിനു തകുന്ന കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു.<br>1. ഹരിതകേരളം പദ്ധതിയിലൂടെ എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതികൾ.<br>2. 2014 ജൂൺ മുതൽ നടപ്പിലാക്കി വരുന്ന ഹരിതശ്രീ പദ്ധതി.<br>3.വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്ന കർഷകർക്കുള്ള പ്രോത്സാഹന ധനസഹായം.<br>4. അർബൻ ഫോറസ്ട്രി - നഗരങ്ങളെ ഹരിതാഭമാക്കുന്ന വൃക്ഷവൽക്കരണ പദ്ധതി.<br>5. വനദീപ്തി പദ്ധതി<br>6. തണ്ണീർത്തടസംരക്ഷണം - കുട്ടനാട് പാക്കേജ് എന്നീ പദ്ധതികൾ മുഖാന്തിരം വിതരണം ചെയ്യുന്ന കണ്ട ൽതൈകളുടെ ഉത്പാദനവും വിതരണവും തുടങ്ങിയവ.<br>(വിശദീകരണക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| ബി) തദ്ദേശവാസികളുടെ സഹകരണത്തോടെ തേക്ക്, ചന്ദനം, മഹാഗണി എന്നീ വൃക്ഷത്തൈകൾ സ്വന്തം ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനു | ബി) തദ്ദേശവാസികളുടെ സഹകരണത്തോടെ തേക്ക്, ചന്ദനം, മഹാഗണി എന്നീ വൃക്ഷത്തൈകൾ സ്വന്തം ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കർഷകർക്ക് വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം പദ്ധതി നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പത്തിനം വൃക്ഷങ്ങൾ നട്ടുപരിപാലിക്കുന്ന കർഷകർക്ക് ഒരു വൃക്ഷത്തിന് 50 രൂപ കണക്കിൽ ധനസഹായം |

മായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത്; വിശദാംശങ്ങൾ നൽകാമോ;

നൽകുന്ന പദ്ധതിയാണിത്. മുൻ വർഷങ്ങളിൽ ഇപ്രകാരം കർഷകർക്ക് നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപ) | റിമാർക്സ് |
|---|---|---|
| 2012 | 13,30905/- | |
| 2013 | 17,65304/- | 1420559/- രൂപ ഈ വർഷത്തെ ഫണ്ടിൽ നിന്നു മാത്രമേ വിതരണം നടത്തുകയുള്ളു. |

സി) നിലവിൽ സർക്കാർ നൽകിവരുന്ന പ്രതിഫല തുകയിൽ വർദ്ധനവ് വരുത്തി പ്രസ്തുത പദ്ധതി വൻവിജയമാക്കിത്തീർക്കാൻ നടപടി സ്വീകരിക്കുമോ ;

സി) ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഡി) വനമേഖലയ്ക്ക് പുറത്ത് വ്യാപകമായിമരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതിന്റെയും തുടർപരിപാലനത്തിന്റെയും ആവശ്യകത കണക്കിലെടുത്ത് ജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നകർമ്മപരിപാടികൾ നടപ്പാക്കുമോ ?

ഡി) അപ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തി ആവിഷ്ക്കരിച്ച പങ്കാളിത്ത പരിപാലന കർമ്മപദ്ധതിയാണ് "ഹരിതശ്രീ 2014". ടി പരിപാടിയിലൂടെ 2014 ജൂൺ മാസം മുതൽ വിദ്യാർത്ഥികളുടെയും, പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി വൃക്ഷതൈകൾ നടുകയും, തുടർപരിപാലനം ഉറപ്പാക്കുകയും ചെയ്യുന്ന കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

*577

# വിശദീകരണക്കുറിപ്പ്

1988-ലെ 'ദേശീയ വനം നയം' അനുശാസിക്കുന്ന പ്രകാരം വൃക്ഷവിന്യാസം വർദ്ധിപ്പിക്കുന്നതിനു തകുന്ന കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു.

**"എന്റെ മരം" പദ്ധതി**

വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പാക്കിയ 2007-ൽ ഒരു വൃക്ഷവൽക്കരണ പരിപാടിയാണിത്. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും ഓരോ വൃക്ഷത്തൈ എന്ന കണക്കിൽ ലോകപരിസ്ഥിതി ദിനമായ ജൂൺ 5-ന് നട്ടുപിടിപ്പിച്ചുവരുന്നു.

**"നമ്മുടെ മരം" പദ്ധതി**

എന്റെ മരം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുശേഷം പ്ലസ് ടു മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വനം വകുപ്പും, വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കിയ വൃക്ഷവൽക്കരണ പരിപാടിയാണ് നമ്മുടെ മരം പദ്ധതി. കോളേജ് ക്യാമ്പസിലും, ചുറ്റിലുമുള്ള ലഭ്യമായ സർക്കാർ സ്ഥലങ്ങളിലും വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവർ കഴിയുന്നത്ര വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇവയുടെ പരിപാലനവും സംരക്ഷണവും വിദ്യാർത്ഥികളും, അദ്ധ്യാപകരും കൂട്ടായി നിർവ്വഹിക്കുന്നു.

**"വഴിയോരത്തണൽ" പദ്ധതി**

ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി നടപ്പിലാക്കുന്ന ഹരിതവൽക്കരണ പദ്ധതിയാണ് വഴിയോരത്തണൽ പദ്ധതി. ദേശീയ, സംസ്ഥാന പാതകളുടെയും മറ്റ് പ്രധാനപ്പെട്ട റോഡുകളുടെയും വശങ്ങളിൽ സ്ഥല ലഭ്യത അനുസരിച്ച് വിവിധയിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

**ഹരിതശ്രീ - 2014**

പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി സാമൂഹ്യവനവൽക്കരണ വിഭാഗം 2014 ജൂൺ മാസം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഹരിതശ്രീ 2014. ജൂൺ 5 പരിസ്ഥിതി ദിനത്തിൽ നിർദ്ദിഷ്ട ഒരു മണിക്കൂർ ഹരിതസമയത്തിനകത്ത് കേരളമൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിന് ലക്ഷ്യം വച്ച് നടപ്പിലാക്കിയ ഈ പദ്ധതി മുഖേന 19.55 ലക്ഷം വൃക്ഷത്തൈകൾ നിശ്ചിതസമയത്തിനകത്ത് നട്ടു ചരിത്ര നേട്ടമുണ്ടാക്കി.

**കർഷകർക്കുള്ള വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായ പദ്ധതി**

നിർദ്ദിഷ്ട [illegible]ത്തിനം വൃക്ഷങ്ങൾ നട്ടുപരിപാലിക്കുന്ന കർഷകർക്ക് ഒരു വൃക്ഷത്തിന് 50 രൂപ കണക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**അർബൻ ഫോറസ്ട്രി**

"ഹരിതനഗരം" എന്ന പുതിയ പദ്ധതിയിലൂടെ വിവിധ ഏജൻസികളുടെ സഹായത്തോടെ തലസ്ഥാന നഗരത്തെ ഹരിതനഗരമാക്കുന്ന ഒരു പുതിയ പദ്ധതി 2014-ൽ ആരംഭിച്ചിട്ടുണ്ട്. നഗരത്തിലെ വിവിധ സ്ഥാപനങ്ങളിലും, തെരഞ്ഞെടുക്കപ്പെട്ട റോഡുകളിലും, സ്ഥലസൗകര്യമുള്ള എല്ലാ വീടുകളിലും വൃക്ഷം വച്ചുപിടിപ്പിച്ച് നഗരത്തെ ഹരിതാഭമാക്കുന്ന ഈ പദ്ധതി 2014 ജൂൺ മാസം മുതൽ തുടക്കം കുറിച്ചിട്ടുള്ളതാണ്.

**വനദീപ്തി പദ്ധതി**

നിലവിൽ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീ വിദേശീയ വൃക്ഷങ്ങളുള്ള തോട്ടങ്ങൾ മുറിച്ചുമാറ്റുമ്പോൾ ടി വനപ്രദേശത്ത് തദ്ദേശീയ ഫല-ഔഷധ-വിവിധയിനം വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന പദ്ധതിയാണ് വനദീപ്തി പദ്ധതി. പുനലൂർ ഡിവിഷനിൽ പത്തുപറ എന്ന സ്ഥലത്തും, തിരുവനന്തപുരം ഡിവിഷനിൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്തും ഈ പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടുണ്ട്.

വനമേഖലയ്ക്ക് പുറത്ത് വ്യാപകമായി മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതിന്റെയും തുടർപരിപാലനത്തി ന്റെയും ആവശ്യകത കണക്കിലെടുത്ത് ജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും പങ്കാളിത്തം മുൻനിർത്തി ആവിഷ്ക്കരിച്ച പങ്കാളിത്ത പരിപാലന കർമ്മപദ്ധതിയാണ് "ഹരിതശ്രീ 2014". ടി പരിപാടിയിലൂടെ 2014 ജൂൺ മാസം മുതൽ വിദ്യാർത്ഥികളുടെയും, പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി വൃക്ഷതൈകൾ നടുകയും, തുടർപരിപാലനം ഉറപ്പാക്കുകയും ചെയ്യുന്ന കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ